**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പ്രാദേശിക സർക്കാർ അധികാരികൾ ഡിജിറ്റൽ സൈൻ ചെയ്യില്ലാ എന്ന കാരണത്താൽ വിധവാ പെൻഷൻ/ 50 വയസ്സിനു മുകളിലുള്ളവർക്കുള്ള അവിവാഹിത പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2019 ഒക്ടോബർ, നവംബർ ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 2941/2020/ധന. തീയതി, തിരുവനന്തപുരം, 05.05.2020**

പരാമർശം :- 1) സ.ഉ(സാധാ) 2456/2020/ധന. തീയതി 24.03.2020
2) സ.ഉ(സാധാ) 2588/2020/ധന. തീയതി 30.03.2020
3) പഞ്ചായത്ത് ഡയറക്ടറുടെ 30.04.2020 തീയതിയിലെ കത്ത് നമ്പർ പി. എ. എൻ/6040/2020-ഡി.ബി. ടി. 2 (ഡി പി).

**ഉത്തരവ്**

ഗുണഭോക്താക്കളുടെ താല്പര്യപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകിവരുന്നു. 2019 ഒക്ടോബർ, നവംബർ, ഡിസംബർ 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ഇതിനകം അനുവദിച്ച് വിതരണം ചെയ്യിട്ടുണ്ട്. എന്നാൽ വിവിധ പ്രാദേശിക സർക്കാരുകളിലെ വിധവാ പെൻഷൻ/ 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ ഗുണഭോക്താക്കൾക്ക്, അപേക്ഷകൾ സാങ്കേതിക കാരണങ്ങളാൽ ഡിജിറ്റൽ സൈൻ ചെയ്യ് അംഗീകരിയ്ക്കാനാവാത്തതിനാൽ 2019 ഒക്ടോബർ, നവംബർ ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചിട്ടില്ലായെന്നും ഇപ്രകാരം 1245 ഗുണഭോക്താക്കൾക്ക് 2019 ഒക്ടോബർ മുതൽ 2020 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ വിതരണത്തിനായി ആകെ 75,45,300/- രൂപ (എഴുപത്തിയഞ്ച് ലക്ഷത്തി നാല്പത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) ആവശ്യമായി വരുമെന്നും സൂചന (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഡിജിറ്റൽ സൈൻ ചെയ്യിട്ടില്ലാ എന്ന കാരണത്താൽ വിധവാ പെൻഷൻ/ 50 വയസ്സിനു മുകളിലുള്ളവർക്കുള്ള അവിവാഹിത പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ട 1245 ഗുണഭോക്താക്കൾക്ക് 2019 ഒക്ടോബർ, നവംബർ ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി ആകെ 75,45,300/- രൂപ (എഴുപത്തിയഞ്ച് ലക്ഷത്തി നാല്പത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധം ആയി ചേർത്തിരിക്കുന്നു.

Scanned with CamScanner

3. ഡിജിറ്റൽ സൈൻ ചെയ്തില്ലാ എന്ന കാരണത്താൽ വിധവാ പെൻഷൻ/ 50 വയസ്സിനു മുകളിലുള്ളവർക്കുള്ള അവിവാഹിത പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ട 1245 ഗുണഭോക്താക്കൾക്ക് 2019 ഒക്ടോബർ, നവംബർ, ഡിസംബർ, 2020 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആവശ്യമായ തുകയായ 75,45,300/- രൂപയിൽ (എഴുപത്തിയഞ്ച് ലക്ഷത്തി നാല്പത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 38,68,000/- രൂപ (മുപ്പത്തെട്ടു ലക്ഷത്തി അറുപത്തെണ്ണായിരം രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള (എസ് ബി അക്കൗണ്ട് നമ്പർ 67234515304 (IFS Code : SBIN 0070028) അക്കൗണ്ടിൽ ബാക്കിനിൽക്കുന്ന തുകയിൽ നിന്നും ചെലവാക്കുന്നതിനും, നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ തുകയായ 36,77,300/- രൂപ (മുപ്പത്താറു ലക്ഷത്തി എഴുപത്തേഴായിരത്തി മുന്നൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 799012100000001) ബാക്കി നിൽക്കുന്ന തികയിൽ നിന്നും ചെലവാക്കുന്നതിനുമുള്ള അനുവാദം പഞ്ചായത്ത് ഡയറക്ടർക്ക് നൽകുന്നു. പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 31.05.2020 നകം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

4. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ എല്ലാവിധ മുൻകരുതലുകളും എടുത്താണ് പെൻഷൻ വിതരണം നടത്തുന്നതെന്ന് ബന്ധപ്പെട്ട എല്ലാവരും ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

Scanned with CamScanner

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with CamScanner

**അനുബന്ധം**

**ഡിജിറ്റൽ സൈൻ ചെയ്തില്ലാ എന്ന കാരണത്താൽ വിധവാ പെൻഷൻ** / 50 **വയസ്സിനു മുകളിലുള്ളവർക്കുള്ള അവിവാഹിത പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ട** 1245 **ഗുണഭോക്താക്കൾക്ക്** 2019 **ഒക്ടോബർ, നവംബർ, ഡിസംബർ,** 2020 **ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പെൻഷൻ തുക**

| പ്രാദേശിക സർക്കാർ | പെൻഷൻ തരം | ബാങ്ക് തുക(രൂപ) | ഡയറക്റ്റ് ടു ഹോം തുക (രൂപ) | ആകെ തുക (രൂപ) |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | **1035800** | 1140700 | 2176500 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 73200 | 67100 | 140300 |
| | **ആകെ** | **1109000** | **1207800** | **2316800** |
| മുനിസിപ്പൽ കോർപ്പറേഷൻ | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 24400 | 6100 | 30500 |
| | **ആകെ** | **24400** | **6100** | **30500** |
| ഗ്രാമപഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 2585700 | 2310900 | 4896600 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 148900 | 152500 | 301400 |
| | **ആകെ** | **2734600** | **2463400** | **5198000** |
| **ആകെ മൊത്തം** | | **3868000** | **3677300** | **7545300** |

Scanned with CamScanner